# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3462 — 16/12/2015-ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ ആശുപത്രികൾ, സ്കൂളുകൾ , കൃഷിഭവൻ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന ചെലവുകൾ (സ്റ്റേഷനറി ഉൾപ്പെടെ) വഹിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടോ; ഇതിനായി പ്രത്യേക ഉത്തരവ് ഉണ്ടോ; എങ്കിൽ കോപ്പി നൽകുമോ; | (എ) യും (ബി) യും | തടസ്സമില്ല.<br><br>1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇതിനായി പ്രത്യേക ഉത്തരവ് നിലവിലില്ല.<br><br>സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1) കൃഷി ഭവനുകൾ<br>2) മൃഗാശുപത്രികൾ<br>3) സർക്കാർ പ്രീ-പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ<br>4) ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും<br>5) അംഗൻവാടികൾ |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളെയാണ് പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയതെന്നും ഇവർക്ക് പരമാവധി ചെലവഴിക്കാവുന്ന ഫണ്ട് എത്രയെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ